മെട്രോ വാർത്ത

12 June 2019

# കർഷകർക്ക് തുണയായി കാർഷിക സേവന കേന്ദ്രം

കൊച്ചി: നെൽകൃഷിക്ക് നിലമൊരുക്കൽ മുതൽ മത്സ്യകൃഷിക്ക് കൂട് നിർമാണം വരെ എല്ലാതരം കാർഷിക സേവനങ്ങളും ഒരു കുടക്കീഴിൽ. കാർഷികവൃത്തിയിൽ സൗകര്യങ്ങളൊരുക്കുന്നതിനും മറ്റും ജില്ലയിലെ കർഷകരെ സഹായിക്കാൻ എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ (കെവികെ) കാർഷിക സേവന കേന്ദ്രം സിഎംഎഫ്ആർഐയിൽ പ്രവർത്തനസജ്ജമായി.

നെൽകൃഷി, പൊക്കാളി കൃഷി, മത്സ്യകൃഷി, കൂടുമത്സ്യ കൃഷി, ചെമ്മീൻകൃഷി, പച്ചക്കറി കൃഷി, കന്നുകാലി വളർത്തൽ, കോഴി വളർത്തൽ തുടങ്ങി വിവിധ കൃഷിരീതികളിൽ കർഷകരെ സഹായിക്കുന്നതിനായാണ് സേവന കേന്ദ്രം. കാർഷിക യന്ത്രസാമഗ്രികളുടെ സഹായവും കൃഷി മെച്ചപ്പെടുത്തുന്നതിനുള്ള ശാസ്ത്രീയ നിർദേശങ്ങളും കേന്ദ്രത്തിൽ നിന്ന ലഭ്യമാകും. സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികളുടെ കുറവ് മൂലം ഏറെ ബുദ്ധിമുട്ടനഭവപ്പെടുന്ന ജില്ലയിലെ കർഷകർക്ക് വളരെ പ്രയോജനകരമാകുന്നതാണ് കെവികെയുടെ പുതിയ പദ്ധതി.



*എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ കീഴിൽ സിഎംഎഫ്ആർഐയിൽ ആരംഭിച്ച കാർഷിക സേവന കേന്ദ്രത്തിന്റെ പ്രവർത്തനോദ്ഘാടനം സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ നിർവഹിക്കുന്നു.*

ട്രാക്റ്റർ, യന്ത്രകലപ്പ, കുഴിവെട്ടി, ഞാറ്നടീൽ യന്ത്രം, കളനശീകരണ യന്ത്രം, വിവിധയിനം സ്പ്രേയറുകൾ, പമ്പുകൾ തുടങ്ങിയവ അടങ്ങുന്ന കാർഷിക സേവന കേന്ദ്രത്തിന്റെ പ്രവർത്തനോദ്ഘാടനം സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ എ ഗോപാലകൃഷ്ണൻ നിർവഹിച്ചു. യന്ത്രവൽകൃത കൃഷിരീതികൾ ജനകീയമാക്കുന്നതിന് കേന്ദ്രസർക്കാർ വിഭാവനം ചെയ്ത പദ്ധതിയുടെ ഭാഗമായാണ് 40 ലക്ഷം രൂപ ചിലവിൽ കാർഷിക യന്ത്രസാമഗ്രികൾ സ്വന്തമാക്കി കെവികെ കാർഷിക സേവന കേന്ദ്രത്തിന് തുടക്കമിട്ടത്. മഴക്കാലം തുടങ്ങിയതോടെ നെൽകൃഷിക്ക് വേണ്ടിയുള്ള നിലമൊരുക്കലാണ് കേന്ദ്രത്തിൽ നിന്നുള്ള ഇപ്പോഴത്തെ പ്രധാന സേവനം.

കൃഷിപരിജ്ഞാനമുള്ള തൊഴിലാളികളുടെ കുറവ് പരിഹരിക്കുകയാണ് കാർഷിക സേവന കേന്ദ്രം കൊണ്ട് ലക്ഷ്യമിടുന്നത്. നെൽകൃഷിക്ക് നിലമൊരുക്കൽ, മത്സ്യകൃഷിക്ക് കുളം വൃത്തിയാക്കൽ, ചെളിയെടുക്കൽ, കൂടുനിർമാണം തുടങ്ങിയവ സേവന കേന്ദ്രത്തിൽ നിന്ന് ലഭ്യമാകും. എല്ലാതരം കാർഷിക സേവനങ്ങളും മിതമായ ഫീസ് നിരക്കിൽ ലഭ്യമാക്കുന്നതിന് കർഷകർക്ക് സേവന കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യാം. ഫോൺ 8089434479. പരിശീലനം ലഭിച്ച കെവികെയുടെ തൊഴിലാളികളാണ് നിലവിൽ കർഷകരെ സഹായിക്കാനെത്തുക. ഭാവിയിൽ, സ്വയം സഹായക സംഘങ്ങൾ രൂപീകരിച്ച് സേവന കേന്ദ്രത്തിന്റെ പ്രവർത്തന മേഖല വിപുലപ്പെടുത്തും. ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് ഈ സേവനം ഉപയോഗപ്പെടുത്താം. സിഎംഎഫ്ആർഐക്ക് കീഴിലാണ് എറണാകുളം കെവികെ പ്രവർത്തിക്കുന്നത്.